**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **12-02-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിൽ വർഷങ്ങളുടെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പോലീസ് സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതരിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം ആവശ്യപ്പെടുന്നവർക്ക് കാലതാമസം കൂടാതെ നിയമനം നല്കി വരുന്നു.എന്നാൽ സർക്കാർ സർവ്വീസിലെ ഇതര തസ്തികകളിലേയ്ക്ക് ആശ്രിത നിയമനത്തിന് അപേക്ഷിക്കുമ്പോൾ അത്തരം തസ്തികകളിൽ നിയമനം നല്കുന്നതിന് കാലതാമസം നേരിടാറുണ്ട്. ഓരോ വർഷവും അതത് വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടുതലാകരുതെന്ന ബഹു ഹൈക്കോടതിയുടെ ഉത്തരവുള്ളതിനാൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ കുറവുണ്ടാകുകയും മറ്റു പൊതുതസ്തികകളിൽ നിയമനം ആവശ്യപ്പെടുന്നവർക്ക് നിയമനം ലഭിക്കുന്നതിനായി കാലതാമസം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായി തന്നെ റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ കർശന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് നിയമനം നല്കി വരുന്നു.ആശ്രിത നിയമനത്തിലെ കാലതാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പോലീസ് സേനയിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് മറ്റ് വകുപ്പുകളിൽ നിയമനം | (സി) | പോലീസ് സേനയിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് മറ്റ് |

| | | | |
|---|---|---|---|
| | ലഭിക്കുവാൻ ഓപ്ഷൻ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | | വകുപ്പുകളിൽ നിയമനം ലഭിക്കുവാൻ ഓപ്ഷൻ നൽകുന്നതിന് നിലവിൽ അവസരം നല്കി വരുന്നുണ്ട്. |
| (ഡി) | വിവിധ വകുപ്പുകളിലെ ആശ്രിത നിയമന അപേക്ഷകൾ ക്രോഡീകരിച്ച് ഏകീകൃത ലിസ്റ്റാക്കി പ്രസ്തുത ലിസ്റ്റിൽ നിന്നും സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ആശ്രിത നിയമനത്തിലെ കാലതാമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ